**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2816** **06-10-2025 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം ജില്ല ഫാം ടൂർ സഹകരണ സംഘത്തിലെ ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ല ഫാം ടൂർ സഹകരണ സംഘത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ് നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | തിരുവനന്തപുരം ജില്ല ഫാം ടൂർ സഹകരണ സംഘത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ് നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ ചുവടെ ചേർക്കുന്നു.<br>1. കേരള സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ പ്രകാരമുള്ള ജാമ്യ വ്യവസ്ഥ പാലിക്കാതെ വായ്പകളും പ്രതിമാസ നിക്ഷേപ പദ്ധതി തുകകളും (എം.ഡി.എസ്) വിതരണം ചെയ്തു.<br>2. സംഘത്തിലെ സ്ഥിര നിക്ഷേപത്തിന് അധിക പലിശ നൽകി.<br>3. അനധികൃതമായി താൽക്കാലിക ജീവനക്കാരെയും കളക്ഷൻ ഏജന്റുമാരെയും നിയമിച്ചു.<br>4. സംഘം പ്രസിഡന്റ് അഡ്വാൻസ് തുക കൈപ്പറ്റി.<br>5. സി ക്ലാസ് അംഗങ്ങൾക്ക് വായ്പകൾ നൽകി.<br>6. സഹകരണ വകുപ്പിന്റെ അനുമതി ലഭിക്കാതെ പൊതുഫണ്ട് ചെലവഴിച്ചു.<br>1969-ലെ കേരള സഹകരണസംഘം നിയമം 66-ാം വകുപ്പ് പ്രകാരം നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | ക്രമക്കേടുകൾ കണ്ടെത്തിയതിനെത്തുടർന്ന് സഹകരണ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | (ബി) | തിരുവനന്തപുരം ജില്ല ഫാം ടൂർ സഹകരണ സംഘത്തിൽ ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്ന് 1969-ലെ കേരള സഹകരണ സംഘം നിയമം 66-ാം വകുപ്പ് പ്രകാരം അന്വേഷണം നടത്തുകയും തുടർന്ന് ക്രമക്കേടുകൾ നടത്തിയവരിൽ നിന്ന് സംഘത്തിന് നഷ്ടപ്പെട്ട തുക തിരികെ ഈടാക്കുന്നതിന് 1969-ലെ കേരള |

| | | | |
|---|---|---|---|
| | | | സഹകരണസംഘം നിയമം വകുപ്പ് 68(1) പ്രകാരം അന്വേഷണം നടന്നുവരികയുമാണ്. |

സെക്ഷൻ ഓഫീസർ

## കേരള സഹകരണ നിയമം 66-ാം വകുപ്പ് പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട്

| | | |
|---|---|---|
| 1. സംഘത്തിന്റെ പേരും മേൽവിലാസവും | : | തിരുവനന്തപുരം ജില്ലാ ഫാം ടൂർ സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 1608 വലിയശാല, തിരുവനന്തപുരം |
| 2. സംഘം രജിസ്റ്റർ ചെയ്ത തീയതി | : | 28-02-2006 |
| 3. സംഘം പ്രവർത്തനം ആരംഭിച്ച തീയതി | : | 28-02-2006 |
| 4. അന്വേഷണ ഉത്തരവിന്റെ നമ്പറും തീയതിയും | : | തിരുവനന്തപുരം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ന്റെ 7-12-2019 ലെ പി (2) 6354/18 നമ്പർ ഉത്തരവ് |
| 5. അന്വേഷണ ഉദ്യോഗസ്ഥയുടെ പേരും മേൽവിലാസവും | : | ശ്രീ. മഹിഷ മാഹീൻ എസ്. വഞ്ചിയൂർ യൂണിറ്റ് ഇൻസ്പെക്ടർ അസി. രജിസ്ട്രാർ (ജനറൽ) ആഫീസ് തിരുവനന്തപുരം. |

തിരുവനന്തപുരം ജില്ലാ ഫാം ടൂർ സഹകരണ സംഘത്തിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ശ്രീ. വേലപ്പൻ നായർ ബഹു. സഹകരണ സംഘം രജിസ്ട്രാർക്ക് നൽകിയ പരാതി തിരുവനന്തപുരം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ മുഖാന്തിരം തിരുവനന്തപുരം അസിസ്റ്റന്റ് രജിസ്ട്രാർ ആഫീസിലേക്ക് ലഭ്യമാക്കിയിരുന്നു. പ്രസ്തുത പരാതി അന്വേഷിച്ച് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) റിപ്പോർട്ട് നൽകിയിരുന്നു. ടി റിപ്പോർട്ട് പ്രകാരം തിരുവനന്തപുരം ജില്ലാ ഫാം ടൂർ സഹകരണ സംഘം സഹകരണ സംഘം രജിസ്ട്രാറുടെ 18/91 നമ്പർ സർക്കുലർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നിയമനം നടത്തിയതായും, തസ്തികാനുവാദം ഇല്ലാതെ കളക്ഷൻ ഏജന്റുമാരെ നിയമിച്ചതായും, സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നിക്ഷേപങ്ങൾക്ക് അധിക പലിശ നൽകുന്നതായും, സംഘം പ്രസിഡന്റ് സംഘത്തിൽ നിന്നും അഡ്വാൻസ് ഇനത്തിൽ തുകകൾ കൈപ്പറ്റുന്നതായും, അനുമതിയില്ലാതെ ഫർണിഷിംഗ്, കലണ്ടർ പ്രിന്റിംഗ് എന്നിവയ്ക്ക് സംഘം ഫണ്ട് ചെലവഴിച്ചതായും, സഹകരണ നിയമത്തിനും, സംഘം നിയമാവലിക്കും വിരുദ്ധമായി 'സി' ക്ലാസ് അംഗങ്ങൾക്ക് വായ്പ നൽകിയതായും റിപ്പോർട്ട് ചെയ്തിരുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി സംഘത്തിൽ സഹകരണ നിയമം വകുപ്പ് 66 പ്രകാരം അന്വേഷണം നടത്തുന്നതിന് തിരുവനന്തപുരം സഹക

രണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ ആഫീസിലെ വഞ്ചിയൂർ യൂണിറ്റ് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു.

## സംഘത്തിന്റെ ഘടന, സാമ്പത്തികസ്ഥിതി പൊതുവായ പ്രവർത്തനം

റ്റി. 1608-ാം നമ്പർ തിരുവനന്തപുരം ജില്ലാ ഫാം ടൂർ സഹകരണ സംഘം ക്ലിപ്തം തിരുവനന്തപുരം ജില്ല പൂർണമായും പ്രവർത്തന പരിധിയാക്കിക്കൊണ്ട് 28-02-2006 ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. സംഘം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിനോടൊപ്പമുള്ള കാറ്റഗറിക്കൽ സ്റ്റേറ്റ്മെന്റ് (അനുബന്ധം I) പ്രകാരം കേരള സഹകരണ നിയമം ചട്ടം 15(11) (3) (i) അനുബന്ധം പ്രകാരം ടൂറിസം ഡവലപ്മെന്റ് സംഘമായാണ് രജിസ്റ്റർ ചെയ്യപ്പെട്ടത്. സംഘത്തിന്റെ പ്രവർത്തന പരിധിയ്ക്കുള്ളിൽ സ്ഥിരതാമസക്കാരനോ ഭൂസ്വത്ത് ഉള്ളവരോ. കാർഷിക. ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരോ ആയ 18 വയസ്സ് കഴിഞ്ഞവർക്ക് സംഘത്തിൽ 'എ' ക്ലാസ് അംഗത്വത്തിന് അർഹതയുണ്ട്. സംഘത്തിന്റെ ഓഹരി മൂലധനം 100 രൂപ വീതം വിലയുള്ള 50000 'എ' ക്ലാസ് ഓഹരിയുടെ മൂല്യമായ 50,00,000 രൂപയും, 5000 രൂപ വിലയുള്ള 2000 'ബി' ക്ലാസ് ഓഹരികളുടെ വിലയായ 1,00,00,000 രൂപയും 25 രൂപ വീതം വിലയുള്ള 20000 'സി' ക്ലാസ് ഓഹരികളുടെ തുകയായ 5,00,000 രൂപയും ചേർന്ന് ആകെ 1,55,00,000 രൂപയാണ്. സംഘം നിയമാവലി അനുബന്ധം (II) പ്രകാരം സംഘത്തിന്റെ ഉദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. അംഗങ്ങളുടെ കാർഷികപരവും, ടൂറിസപരവുമായ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുക, അംഗങ്ങൾക്കിടയിൽ മിതവ്യയശീലവും സഹകരണ മനോഭാവവും വളർത്തുക. ഫാം-ടൂറിസം മേഖലയിൽ സഹകരണ ആദർശങ്ങൾ പ്രചരിപ്പിക്കുകയും അത് പരമാവധി പ്രവത്തനപഥത്തിൽ കൊണ്ടുവരാനും പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്യുക.
2. അംഗങ്ങളിൽ നിന്നും പൊതു സ്ഥാപനങ്ങളിൽ നിന്നും ഫാം- ടൂറിസം മേഖലയെ സമ്പന്നമാക്കുന്നതിനാവശ്യമായ നിക്ഷേപങ്ങൾ സ്വീകരിക്കുകയും ആയവ തിരിച്ചുകൊടുക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്യുക.
3. അംഗങ്ങൾക്ക് തൊഴിൽപരവും വിദ്യാഭ്യാസപരവും ടൂറിസപരവുമായ ആവശ്യങ്ങൾക്ക് വായ്പ നൽകിയതിന് കേന്ദ്ര-സംസ്ഥാന ഗവൺമെന്റ് സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക്, കേന്ദ്ര-സംസ്ഥാന ഏജൻസികൾ മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവരുടെ പക്കൽനിന്നും വായ്പ വാങ്ങുക.
4. കാർഷിക ടൂറിസം മേഖലയുടെ പുനരുദ്ധാരണത്തിനും വികസനത്തിനും വേണ്ടി സർക്കാരുകൾ ആവിഷ്ക്കരിക്കുന്ന പദ്ധതികൾ ഏറ്റെടുത്ത് നടത്തുക.

5. കാർഷിക ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടപ്പിൽ വരുത്തുന്ന പദ്ധതികൾ, ക്ഷേമപ്രവർത്തനങ്ങൾ, എമിഗ്രേഷൻ ക്ലിയറിംഗ് തുടങ്ങിയവയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരെ ബോധവൽക്കരിക്കുന്നതിനുവേണ്ടി സെമിനാറുകളും പരിശീലനക്ലാസുകളും സംഘടിപ്പിക്കുക.

6. അംഗങ്ങളുടെ കുടുംബാഗങ്ങൾക്കും, കുട്ടികൾക്കും തൊഴിൽ ലഭിക്കുന്നതിനും അവരുടെ ഉന്നമനത്തിനും ആവശ്യമായ എല്ലാ പ്രവർത്തനങ്ങളും നടത്തുക.

7. സംഘത്തിന്റെ നേതൃത്വത്തിന്റെ കീഴിൽ ടൂറിസത്തിന്റെ വികസനത്തിനുവേണ്ടി സെമിനാറുകൾ, മേളകൾ, പ്രദർശനങ്ങൾ, പഠനപരിശീലന പരിപാടികൾ, സർക്കാർ അംഗീകൃത കോഴ്സകൾ തുടങ്ങിയവ നടത്തുക.

8. സംഘത്തിന്റെ നിയന്ത്രണത്തിൽ കേന്ദ്ര തൊഴിൽ വകുപ്പിന്റെ കോഴ്സുകൾ തുടങ്ങിയവ നടത്തുക.

9. സംഘത്തിന്റെ അംഗങ്ങൾക്ക് കഴിയുന്നത്ര തൊഴിൽ അവസരങ്ങൾ ഉണ്ടാക്കുന്നതിനും അംഗങ്ങളുടെ തൊഴിൽപരമായ വികാസത്തിനും വേണ്ടി കാർഷിക ടൂറിസവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിനകത്തും പുറത്തുമുള്ള കേന്ദ്ര സംസ്ഥാന അർദ്ധസർക്കാർ, സ്വകാര്യ സ്ഥാപനങ്ങളുമായും ഏജൻസികളുമായും ബന്ധപ്പെട്ട് ഒരു ഏജൻസിയായി പ്രവർത്തിക്കുക.

10. സംഘത്തിന്റെ നിയന്ത്രണത്തിൻ കീഴിൽ, രാജ്യത്തിനകത്തും പുറത്തേക്കും ടൂർ പ്രോഗ്രാമുകൾ സംഘടിപ്പിക്കുക.

11. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു വേണ്ടി സർക്കാർ അർദ്ധ സർക്കാർ നിയന്ത്രണത്തിലുള്ള ടൂറിസം ഗൈഡൻസ് സെന്ററുകൾ, കൺസ്യൂമർ സ്റ്റോറുകൾ തുടങ്ങിയവ ഏറ്റെടുത്ത് നടത്തുകയോ സംഘടിപ്പിക്കുകയോ ചെയ്യുക.

12. കാർഷിക ടൂറിസം മേഖലകളിലും അനുബന്ധമേഖലകളിലും നടക്കുന്ന മാറ്റങ്ങൾ അംഗങ്ങളെയും പൊതുജനങ്ങളെയും അറിയിക്കുന്നതിലേക്കായി വാർത്ത പ്രസിദ്ധീകരണങ്ങൾ ആരംഭിക്കുക. അംഗങ്ങളുടേയും ഈ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെയും പ്രശ്നങ്ങൾ വാർത്താ മാധ്യമങ്ങൾ എത്തിക്കുന്ന അഡ്വർടൈസിംഗ് ഏജന്റായി പ്രവർത്തിക്കുക.

13. മേൽപ്പറഞ്ഞ കാര്യങ്ങൾ നടപ്പിൽ വരുത്തുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാർ, കേന്ദ്ര സംസ്ഥാന ഏജൻസികൾ മറ്റു സ്വകാര്യ സ്ഥാപനങ്ങൾ തുടങ്ങിയവരുമായി കരാറിലേർപ്പെടുക, കാർഷിക ടൂറിസം മേഖലയിലെ കൺസൽട്ടിംഗ് കോൺട്രാക്ടുകൾ ഏപ്രോജക്ട് വർക്കുകൾ ഏറ്റെടുത്തു നടത്തുക.

14. ഫാം ടൂറിസം മേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന കർഷകർ തൊഴിലാളികൾ, ടൂർ ഓപ്പറേറ്റർമാർ, ഗൈഡുകൾ, ടൂർ ഏജന്റുമാർ കൺസൾട്ടന്റുമാർ മറ്റുള്ളവർ തുടങ്ങിയവരുടെ സാമ്പത്തിക ഉന്നമനത്തിനും പുരോഗ

തിക്കും മേൽപ്പറഞ്ഞവരുടെ കുടുംബ ജീവിതം ഭദ്രമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിൽ വരുത്തുക.

15. സംഘത്തിന്റെ അംഗങ്ങളുടെ താൽപര്യാർത്ഥം സംഘത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി ആവശ്യമായ കെട്ടിടങ്ങൾ വാഹനങ്ങൾ ട്രാവൽ ഏജൻസികൾ, റിസോർട്ടുകൾ അമ്യൂസ്മെന്റ് പാർക്കുകൾ, ഹെൽത്ത് ക്ലബ്ബുകൾ, റസ്റ്റോറന്റുകൾ, ഫാം പാർക്കുകൾ, ഫാം വില്ലേജുകൾ, ബിയർ പാർലറുകൾ തുടങ്ങിയവ സ്ഥാപിക്കുകയും നടത്തിക്കുകയും ചെയ്യുക.

16. വിനോദ സഞ്ചാരവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളെയും കാർഷിക മേഖലയുമായി ബന്ധപ്പെടുത്തി സാമ്പത്തിക അഭിവൃദ്ധിയും തൊഴിലവസരങ്ങളും സൃഷ്ടിക്കുക. കാർഷിക മേഖലയിൽ ടൂറിസം ഫെസിലിറ്റി സെന്റർ സ്ഥാപിച്ചു നടത്തുക.

17. ആയൂർവേദത്തെയും പ്രകൃതി ചികിത്സയേയും സംയോജിപ്പിച്ചുകൊണ്ട് കാർഷിക ടൂറിസം മേഖലക്കു മാറ്റംവരുത്തി കേരളീയ ആയോധന കലകളെയും ടൂറിസത്തെയും ബന്ധപ്പെടുത്തിയുള്ള പദ്ധതികൾ ബന്ധപ്പെട്ട വകുപ്പുകളുടെ അംഗീകാരത്തോടെ ആവിഷ്കരിച്ച് നടപ്പിൽ വരുത്തുക. മേൽ പറഞ്ഞ ഉദ്ദേശം പൂർത്തീകരണത്തിനായി ആയൂർവേദ ആശുപത്രികൾ, ഡിസ്പെൻസറികൾ ഹെർബൽ സെന്ററുകൾ, റിസർച്ചു സെന്ററുകൾ, പ്രകൃതി ചികിത്സാ കേന്ദ്രങ്ങൾ, കൗൺസിലിംഗ് സെന്ററുകൾ ആരംഭിക്കുക.

18. കാർഷിക ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്നവർക്കും പ്രസ്തുത മേഖലയെക്കുറിച്ച് പഠിക്കുന്നവർക്കും പഠിക്കുവാൻ ആഗ്രഹിക്കുന്നവർക്കും സഹായകമായ ഫാം ട്രാവൽ ആന്റ് ടൂറിസം കോഴ്സകൾ, ഹോട്ടൽ മാനേജ്മെന്റ് കോഴ്സുകൾ അയാട്ട അംഗീകൃത കോഴ്സകൾ ഉപയോഗപ്രദമായ മറ്റ് കോഴ്സുകൾ തുടങ്ങിയവ അതാത് വകുപ്പുകളുടെ അംഗീകാരത്തോടെ നടത്തുന്നതിനും ട്രാവൽ & ടൂറിസ് മേഖലയുമായി ബന്ധപ്പെട്ട വിദ്യാഭ്യാസ പദ്ധതികളുടെ ഉപരിപഠത്തിനും മേൽപ്പറഞ്ഞ രംഗങ്ങളിൽ പ്രവർത്തിക്കുന്ന അംഗങ്ങളുടെ കുടുംബാങ്ങൾക്കും വിദ്യാഭ്യാസത്തിനും സഹായമായ വിദ്യാഭ്യാസ കേന്ദ്രങ്ങൾ ആരംഭിച്ച് നടപ്പിൽ വരുത്തുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിൽ വരുത്തുക.

19. സഹകരണ നിയമം അനുശാസിക്കുന്ന വിധത്തിൽ സംഘത്തിന്റെ പ്രവർത്തന പരിധിയിൽ രജിസ്ട്രാറുടെ അനുമതിയോടു കൂടി ബ്രാഞ്ചുകളും അനുബന്ധ സ്ഥാപനങ്ങളും ആരംഭിക്കുക.

20. പരിസ്ഥിതിക്ക് അനുയോജ്യമായ രീതിയിൽ കർഷകരുടെ കൂട്ടായ്മയിലോ സംയുക്ത കൃഷിരീതികൾ സ്ഥാപിക്കുകയും അവിടെ വിനോദ സഞ്ചാര പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക.

21. ഈ നിയമാവലിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി കാലോചിതമായ മറ്റ് പ്രവർത്തനങ്ങൾ നടത്തുക.

22. മേൽപ്പറഞ്ഞ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുവാൻ ആവശ്യവും ഉപോൽബലമായ സംഗതികൾ ഏറ്റെടുത്ത് നടത്തുക.

## ആഡിറ്റ് സംബന്ധിച്ച്

28-02-2006-ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച ടി സംഘത്തിന്റെ 2018-19 സാമ്പത്തിക വർഷം വരെയുള്ള ആഡിറ്റ് പൂർത്തിയായിട്ടുണ്ട്. ടി ആഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം (III) പ്രകാരം സംഘത്തിന് 4366 അംഗങ്ങളിൽ നിന്നായി 11,45,593 രൂപയുടെ പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനവും, 9,72,65,596 രൂപയുടെ നിക്ഷേപ ബാക്കിനിൽപ്പും, 4,46,45,477 രൂപയുടെ വായ്പ ബാക്കി നിൽപ്പും ഉണ്ട്. സംഘത്തിന്റെ പ്രവർത്തന മൂലധനം 9,98,23,284 രൂപയാണ്. 2018-19 സാമ്പത്തിക വർഷത്തെ അറ്റനഷ്ടം 39,46,243 രൂപയാണ്.

## ഭരണസമിതി സംബന്ധിച്ച്

സംഘം നിയമാവലി വ്യവസ്ഥ 20 പ്രകാരം സംഘത്തിന്റെ 'എ' ക്ലാസ് അംഗങ്ങളിൽ നിന്നും ഒൻപത് അംഗങ്ങളെ ഭരണസമിതി അംഗങ്ങളായി തെരഞ്ഞെടുക്കേണ്ടതാണ്. 04-08-2011 മുതൽ 02-08-2011 (2016) വരെ ഭരണസമിതി അംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ടവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | അംഗനം. | പേര് | മേൽവിലാസം |
|---|---|---|---|
| 1 | 304 | അനിൽകുമാർ കെ. | ശിവകൃപ, റ്റി.സി.18/2039(7)<br>എ.ബി.ആർ.എ.353 എ<br>അണ്ണൂർ, തിരുമല,<br>തിരുവനന്തപുരം |
| 2 | 612 | ഗോപാൽ എം. | കൽതൊടി മഠം,<br>ശ്രീകണ്ഠേശ്വരം,<br>കോട്ടയ്ക്കകം,തിരുവനന്തപുരം |
| 3 | 614 | രതീഷ് കെ.കെ. | മങ്കരത്ത് പുത്തൻവീട്<br>മൂന്നാംമൂട്, വട്ടിയൂർക്കാവ്<br>തിരുവനന്തപുരം |
| 4 | 560 | രാധാകൃഷ്ണൻ നായർ കെ.വി | ശ്രീഭവൻ, റ്റി.സി.42/285(1)<br>ദേവി നഗർ, മണക്കാട്<br>തിരുവനന്തപുരം |

| | | | |
|---|---|---|---|
| 5 | 580 | സജിലാൽ എ.വി | എള്ളുവിളവീട്, മാവർത്തല ക്കോണം, കല്ലംപള്ളി, മെഡിക്കൽ കോളേജ് തിരുവനന്തപുരം |
| 6 | 574 | ചിത്ര സി.എസ്. | റ്റി.സി.53/1301 (1) കളഭം, പൊന്നുമംഗലം, നേമം, തിരുവനന്തപുരം |
| 7 | 403 | രാജലക്ഷ്മി ഒ. | അജിൻഭവൻ, ചെന്നിലോട് കുമാരപുരം, തിരുവനന്തപുരം |
| 8 | 584 | രാജിനായർ ആർ. | റ്റി.സി.23/189, ഹിര, വലിയശാല തിരുവനന്തപുരം |
| 9 | 619 | ബിന്ദു ആർ. | ഗോഹിണി ഭവൻ റ്റി.സി.6/2110(4), കരിമൺകുളം,വട്ടിയൂർക്കാവ്, തിരുവനന്തപുരം |

02-08-2016-ൽ ചുമതലയേറ്റ ഭരണസമിതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | അംഗനം. | പേര് | മേൽവിലാസം |
|---|---|---|---|
| 1 | 304 | അനിൽകുമാർ കെ. | ശിവകൃപ, റ്റി.സി.18/2039(7) എ.ബി.ആർ.എ.353 എ അണ്ണൂർ, തിരുമല, തിരുവനന്തപുരം |
| 2 | 612 | ഗോപാൽ എം. | കൽതൊടി മഠം, ശ്രീകണ്ഠേശ്വരം, കോട്ടയ്ക്കകം,തിരുവനന്തപുരം |
| 3 | 275 | അനിൽകുമാർ എസ്. | പുളിയറത്തലവീട്, പൊറ്റയിൽ, മലയിൻകീഴ് തിരുവനന്തപുരം |
| 4 | 560 | കെ.വി.രാധാകൃഷ്ണൻ | ശ്രീഭവൻ, റ്റി.സി.42/285(1) ദേവി നഗർ, മണക്കാട് തിരുവനന്തപുരം |

| | | | |
|---|---|---|---|
| 5 | 580 | സജിലാൽ എ.വി. | എള്ളുവിളവീട്, മാവർത്തല ക്കോണം, കല്ലംപള്ളി, മെഡിക്കൽ കോളേജ് തിരുവനന്തപുരം |
| 6 | 584 | രാജി നായർ ആർ. | റ്റി.സി.23/189, ഹീര, വലിയശാല തിരുവനന്തപുരം |
| 7 | 582 | പി. രാജേശ്വരി | റ്റി.സി.6/2093, കനകധാര, കരിമൺകുളം, വട്ടിയൂർക്കാവ് തിരുവനന്തപുരം |
| 8 | 557 | ശ്രീകുമാരി എസ്.ജെ. | വെണ്ടലത്തോപ്പവീട്, പുല്ലുവിള വീട്, തിരുവനന്തപുരം |
| 9 | 574 | ചിത്ര സി.എസ് | റ്റി.സി.53/1301 (1) കളഭം, പൊന്നുമംഗലം, നേമം, തിരുവനന്തപുരം |

**അന്വേഷണ വിഷയങ്ങൾ സംബന്ധിച്ച്**

**സംഘത്തിന്റെ ഘടന, പ്രവർത്തനം, സാമ്പത്തികസ്ഥിതി എന്നിവ സംബന്ധിച്ച്**

തിരുവനന്തപുരം ജില്ല ഫാം ടൂർ സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.1608 തിരുവനന്തപുരം ജില്ല മുഴുവൻ പ്രവർത്തന പരിധിയാക്കിക്കൊണ്ട് 28-02-2006-ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. കേരള സഹകരണ നിയമം ചട്ടം 15 (11) (3) (i) പ്രകാരം ടൂറിസം ഡവലപ്മെന്റ് സഹകരണ സംഘമായാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. അംഗങ്ങളുടെ കാർഷികപരവും, ടൂറിസപരവുമായ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുക എന്നതാണ് ടി സംഘത്തിന്റെ മുഖ്യ ഉദ്ദേശം. എന്നാൽ ടി ഉദ്ദേശ ലക്ഷ്യങ്ങൾക്ക് അനുസൃതമായുള്ള പ്രവർത്തനങ്ങളല്ല സംഘത്തിൽ നടക്കുന്നത്. നിലവിൽ നിക്ഷേപ, വായ്പ, പ്രതിമാസ നിക്ഷേപ പദ്ധതി എന്നീ പ്രവർത്തനങ്ങളാണ് സംഘത്തിൽ നടന്നുവരുന്നത്. സംഘം നിയമാവലി വ്യവസ്ഥ 20 പ്രകാരം സംഘത്തിന്റെ ഭരണചുമതല 'എ' ക്ലാസ് അംഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒൻപതംഗ ഭരണസമിതിയിൽ നിക്ഷിപ്തമായിരിക്കും. നിലവിൽ 02-08-2016-ൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയാണ് സംഘത്തിന്റെ ഭരണ നിർവ്വഹണം നടത്തുന്നത്. സഹകരണ നിയമം വകുപ്പ് 66 പ്രകാരമുള്ള ഈ അന്വേഷണ റിപ്പോർട്ടിൽ 2015-16 സാമ്പത്തിക വർഷം മുതൽ 2019-2020 സാമ്പത്തികവർഷം വരെയുള്ള കാലയളവിലെ പ്രവർത്തനങ്ങളാണ് പരിശോധിച്ചിട്ടുള്ളത്. 31-03-2020 വരെയുള്ള കണ

ററുകൾ പ്രകാരം സംഘത്തിന്റെ പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം 12,30,993 രൂപയും, നിക്ഷേപ ബാക്കിനിൽപ്പ് 10,09,98,400 രൂപയുമാണ്. സംഘത്തിൽ നിന്നും നൽകിയിട്ടുള്ള വായ്പ ബാക്കിനിൽപ്പ് 4,67,64,479 രൂപയും, നീക്കിയിരുപ്പ് 2,92,229 രൂപയും സംഘം ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ളത് 48,63,531 രൂപയുമാണ്. സംഘം പ്രവർത്തനം ആരംഭിച്ച് റിപ്പോർട്ട് കാലയളവ് വരെ 133 എം.ഡി.എസുകൾ നടത്തിയിരിക്കുന്നു. പ്രസ്തുത പ്രതിമാസ നിക്ഷേപ പദ്ധതികൾ പ്രകാരം സംഘത്തിന് കമ്മീഷൻ ഇനത്തിൽ 1,66,97,467 രൂപയാണ്. സംഘം നടത്തുന്ന പ്രതിമാസ നിക്ഷേപ പദ്ധതികളിലെ കുടിശ്ശിക 4,11,94,000 രൂപയാണ്. (അനുബന്ധം IV), ഇപ്രകാരം സംഘത്തിന്റെ ആസ്തി ബാധ്യതകൾ തമ്മിൽ ഒരു കോടിയോളം രൂപയുടെ വ്യത്യാസമുണ്ട്.

ബി) സംഘത്തിലെ ജീവനക്കാരുടെയും, കളക്ഷൻ ഏജന്റുമാരുടെയും നിയമനം സംബന്ധിച്ച്

റ്റി. 1608-ാം നമ്പർ ജില്ലാ ഫാം ടൂർ സഹകരണ സംഘം തിരുവനന്തപുരം സഹകരണ രജിസ്ട്രാർ (ജനറൽ) ന്റെ 06-02-2016-ലെ സി.ആർ.ബി(2)787/15 നമ്പർ ഉത്തരവ് പ്രകാരം കേരള സഹകരണ നിയമം ചട്ടം 182 അനുബന്ധം III പ്രകാരം പലവക സംഘങ്ങളുടെ വിഭാഗത്തിൽ ക്ലാസ് I ൽ തരംതിരിച്ച് ഉത്തരവായിട്ടുണ്ട്. തിരുവനന്തപുരം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറുടെ സി.ആർ.ബി (2) 1005/16 നമ്പർ ഉത്തരവ് പ്രകാരം സംഘത്തിൽ 9000 രൂപ മൊത്ത ശമ്പള വ്യവസ്ഥയിൽ ഒരു സെക്രട്ടറി, 5,000 രൂപ മൊത്ത ശമ്പള വ്യവസ്ഥയിൽ ഒരു അറ്റൻഡർ എന്നീ തസ്തികകൾ അനുവദിച്ച് നൽകിയിരുന്നു. സഹകരണ സംഘം രജിസ്ട്രാറുടെ 18/1991 സർക്കുലർ നിർദ്ദേശങ്ങൾക്ക് അനുസൃതമായാണ് സെക്രട്ടറി നിയമനം നടത്തിയിട്ടുള്ളത്. 02-07-2016-ൽ ആണ് സെക്രട്ടറി സർവ്വീസിൽ പ്രവേശിച്ചത്. 2017 ഏപ്രിൽ മാസം മുതൽ സെക്രട്ടറി പലവക സംഘങ്ങളിൽ ക്ലാസ് I ന് അനുവദനീയമായ ശമ്പള സ്കെയിലിൽ ശമ്പളം കൈപ്പറ്റിയിരിക്കുന്നു. എന്നാൽ നിയമാനുസരണം ഭരണ വകുപ്പിൽ നിന്നും ശമ്പള സ്കെയിൽ നിശ്ചയിച്ച് ഉത്തരവ് വാങ്ങാതെയാണ് ഇപ്രകാരം ശമ്പള സ്കെയിലിനനുസൃതമായ ശമ്പളം കൈപ്പറ്റി വരുന്നത്. ഇപ്രകാരം 01-04-2017 മുതൽ 31-03-2020 വരെ ശമ്പള ഇനത്തിൽ സെക്രട്ടറി കൈപ്പറ്റിയ ശമ്പളം 12,69,933 രൂപയാണ്. സംഘത്തിൽ താൽക്കാലിക ജീവനക്കാരിയായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി ജി.ബി. പ്രഭയ്ക്ക് കേരള സർക്കാരിന്റെ 19-10-2020-ലെ ജി.ഒ(പി) നം. 129/2020 (സഹ.) ഉത്തരവ് പ്രകാരം പ്രായപരിധിയിൽ ഇളവ് നൽകി സ്ഥിര നിയമനത്തിന് ഉത്തരവായിട്ടുണ്ട്. സെക്രട്ടറി, അറ്റൻഡർ എന്നീ തസ്തികകൾക്ക് പുറമെ സംഘത്തിൽ താൽക്കാലിക ജീവനക്കാർ സേവനമനുഷ്ഠിക്കുന്നുണ്ട്. 2015-16 സാമ്പത്തിക വർഷം മുതൽ 2019-20 സാമ്പത്തിക വർഷം വരെ താൽക്കാലിക ജീവനക്കാർക്ക് നൽകിയ ശമ്പള വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2015-16 | 4,44,000 |
| 2016-17 | 3,35,350 |
| 2017-18 | 4,57,934 |
| 2018-19 | 3,97,033 |
| 2019-20 | 4,91,537 |
| **ആകെ** | **21,25,854** |

തിരുവനന്തപുരം ജില്ല ഫാം ടൂർ സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.1608-ൽ നിലവിൽ ഒൻപത് കളക്ഷൻ ഏജന്റുമാർ സേവനമനുഷ്ഠിക്കുന്നു. കളക്ഷൻ ഏജന്റുമാരുടെ തസ്തിക അനുവാദം ജോയിന്റ് രജിസ്ട്രാറിൽ നിന്നും വാങ്ങിയിട്ടില്ല. സഹകരണ സംഘം രജിസ്ട്രാറുടെ 4/2006 നമ്പർ സർക്കുലറിന് വിരുദ്ധമായാണ് സംഘം കളക്ഷൻ ഏജന്റുമാരെ നിയമിച്ചിട്ടുള്ളത്. സംഘത്തിന്റെ സ്വന്തം ഫണ്ടിൽ നിന്നാണ് കളക്ഷൻ ഏജന്റുമാർക്ക് കമ്മീഷൻ നൽകി വരുന്നത്. 2015-16 സാമ്പത്തിക വർഷം മുതൽ 2019-20 സാമ്പത്തിക വർഷം വരെ കളക്ഷൻ ഏജന്റുമാർക്ക് കമ്മീഷനായി നൽകിയ തുക ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2015-16 | 16,68,585 |
| 2016-17 | 21,26,389 |
| 2017-18 | 19,47,185 |
| 2018-19 | 18,79,966 |
| 2019-20 | 21,38,840 |
| **ആകെ** | **97,60,965** |

ഇപ്രകാരം സംഘം താൽക്കാലിക ജീവനക്കാർക്കും, കളക്ഷൻ ഏജന്റുമാർക്കും നൽകിയ തുകയായ 1,18,86,819 രൂപയ്ക്ക് ഉത്തരവാദികൾ അതാത് കാലത്തെ ഭരണ സമിതിയും. സംഘം സെക്രട്ടറിയുമാണ്. ടി തുക സംഘം സെക്രട്ടറിയിൽ നിന്നും അതാത് കാലത്തെ ഭരണസമിതി അംഗങ്ങളിൽ നിന്നും ഈടാക്കേണ്ടതാണ്.

**സി) സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സ്ഥിര നിക്ഷേപങ്ങൾക്ക് അധിക പലിശ നൽകിയത് സംബന്ധിച്ച്**

സംഘം നിയമാവലി വ്യവസ്ഥ 11 പ്രകാരം അംഗങ്ങളിൽ നിന്നും അംഗങ്ങളല്ലാത്തവരിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്നതിന് വ്യവസ്ഥയുണ്ട്. സംഘം സ്വീകരിക്കുന്ന നിക്ഷേപങ്ങൾക്ക് സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറിൽ നിന്നും ഉപ നിബന്ധനകൾ അംഗീകരിച്ച് വാങ്ങിയിട്ടില്ല. സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് സംഘം പലിശ നൽകുന്നത്. 2015-16

സാമ്പത്തിക വർഷം മുതൽ സംഘം നിക്ഷേപങ്ങൾക്ക് അധിക പലിശ നൽകുന്നതായി അതാത് വർഷങ്ങളിൽ ആഡിറ്റർമാർ ന്യൂനതയിൽ പരാമർശിച്ചിട്ടുണ്ട്. അപ്രകാരം ആഡിറ്റർമാർ ആഡിറ്റ് സർട്ടിഫിക്കറ്റിൽ പരാമർശിച്ചിട്ടുള്ള അധിക പലിശയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2015-16 | 1,71,776 |
| 2016-17 | 3,42,393 |
| 2017-18 | 3,25,786 |
| 2018-19 | 2,89,497 |
| ആകെ | **11,29,452** |

2019-20 സാമ്പത്തിക വർഷത്തിൽ സംഘം സ്വീകരിച്ച നിക്ഷേപങ്ങൾക്ക് നൽകിയ അധിക പലിശ അന്വേഷണ വേളയിൽ പരിശോധിച്ചു. അപ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ സ്വീകരിച്ച നിക്ഷേപങ്ങൾക്ക് നൽകിയ അധിക പലിശ 2,84,634 രൂപയാണ്. (അനുബന്ധം V). ഇപ്രകാരം സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി 2015-16 മുതൽ 2019-20 വരെ സംഘം നിക്ഷേപങ്ങൾക്ക് നൽകിയ അധിക പലിശ 14,14,086 രൂപയാണ്. സഹകരണ സംഘം രജിസ്ട്രാറുടെ 48/2013 സർക്കുലർ നിർദ്ദേശപ്രകാരം അധികം നൽകിയ പലിശ സംഘം സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഡി) സംഘം തുക അഡ്വാൻസ് ഇനത്തിൽ പ്രസിഡന്റ് കൈപ്പറ്റിയത് സംബന്ധിച്ച്

2015-16 സാമ്പത്തിക വർഷം മുതൽ മുതൽ 2019-20 വരെ സംഘത്തിന്റെ പ്രസിഡന്റായി ചുമതല വഹിച്ചിരുന്നത് അംഗ നമ്പർ 304 ശ്രീ. അനിൽകുമാർ കെ. ആണ്. ടിയാൾ സംഘത്തിൽ നിന്നും അഡ്വാൻസ് ഇനത്തിൽ ഭീമമായ തുകകൾ കൈപ്പറ്റിയിട്ടുണ്ട്. 31-03-2020-ൽ പ്രസിഡന്റ് അഡ്വാൻസ് ഇനത്തിൽ തിരികെ സംഘത്തിലേക്ക് 3,33,250 രൂപ കിട്ടുവാനുണ്ട്. ടി തുക സംഘം പ്രസിഡന്റിൽ നിന്നും 18 ശതമാനം പലിശ ഉൾപ്പെടെ തിരികെ ഈടാക്കേണ്ടതാണ്.

## ഇ) അനുമതിയില്ലാതെ സംഘത്തിന്റെ പൊതുഫണ്ട് ചെലവഴിച്ചത് സംബന്ധിച്ച്

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറുടെ മുൻകൂർ അനുമതിയില്ലാതെ സംഘം ഫർണിഷിംഗ് ചെയ്യുന്നതിനായി 6,00,300 രൂപയും, കമ്പ്യൂട്ടർവൽക്കരണത്തിനായി 2019-20 സാമ്പത്തിക വർഷത്തിൽ 4,20,416 രൂപയും സംഘത്തിന്റെ പൊതുഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. സഹകരണ സംഘം രജിസ്ട്രാരുടെ സർക്കുലർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി 2015 മുതൽ 2020 വരെയുള്ള സാമ്പത്തിക വർഷം

വരെ കലണ്ടർ പ്രിന്റ് ചെയ്ത് വിതരണം ചെയ്യുന്നതിനായി 2,39,000 രൂപ ചെലവഴിച്ചിട്ടുണ്ട്. അനുമതിയില്ലാതെ സംഘം പൊതുഫണ്ടിൽ നിന്നും ചെലവഴിച്ച തുകകളുടെ വിവരം തരംതിരിച്ച് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| സംഘം ഫർണിഷിംഗ് ചെയ്തത് | - | 6,00,300 |
| സംഘം കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് | - | 4,20,216 |
| കലണ്ടർ പ്രിന്റ് ചെയ്തതിന് | - | 2,39,000 |
| **ആകെ** | - | **12,59,516** |

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാരുടെ അനുമതിയില്ലാതെയും സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായും സംഘത്തിൽ നിന്നും ചെലഴിച്ച 12,59,516 രൂപ സംഘം സെക്രട്ടറിയിൽ നിന്നും അതാത് കാലത്തെ ഭരണസമിതിയിൽ നിന്നും 18 ശതമാനം പലിശ ഉൾപ്പെടെ ഈടാക്കേണ്ടതാണ്.

**എഫ്) സഹകരണ നിയമത്തിന്റെ സംഘം നിയമാവലി വ്യവസ്ഥകൾക്കും വിരുദ്ധമായി 'സി' ക്ലാസ് അംഗങ്ങൾക്ക് വായ്പ നൽകിയത് സംബന്ധിച്ച്**

സംഘം നിയമാവലി വ്യവസ്ഥ 30 (1) പ്രകാരം സംഘത്തിലെ 'എ' ക്ലാസ് അംഗങ്ങൾക്ക് വായ്പ നൽകുന്നതിന് വ്യവസ്ഥയുണ്ട്. സംഘം നിലവിൽ വ്യക്തിഗത വായ്പ, സാധാരണ വായ്പ, സ്ഥിര നിക്ഷേപങ്ങളിന്മേലുള്ള വായ്പ, ഹയർ പർച്ചേയ്സ് വായ്പ, വാഹന വായ്പ, പ്രതിമാസ നിക്ഷേപ പദ്ധതിയിന്മേലുള്ള വായ്പ എന്നീ വായ്പകൾ നൽകിവരുന്നു. എന്നാൽ ഇവയ്ക്കൊന്നും തന്നെ ഉപ നിബന്ധനകൾ അംഗീകരിച്ച് വാങ്ങിയിട്ടില്ല. 2015 മുതൽ 2020 വരെ വ്യക്തിഗത വായ്പ, സാധാരണ വായ്പ എന്നിവയിൽ ആകെ നൽകിയിട്ടുള്ളത് 1114 എണ്ണം വായ്പകളിലായി 9,02,05,500 രൂപയാണ്. ഇവയിൽ ആകെ 17 വായ്പകൾ മാത്രമാണ് 'എ' ക്ലാസ് അംഗങ്ങൾക്ക് നൽകിയിട്ടുള്ളത്. ഇപ്രകാരം സഹകരണ നിയമത്തിന് വിരുദ്ധമായി 'സി' ക്ലാസ് അംഗങ്ങൾക്ക് നൽകിയ വായ്പകളിൽ 2,54,01,448 രൂപ ബാക്കിനിൽപ്പുണ്ട്. 'സി' ക്ലാസ് അംഗങ്ങൾക്ക് വായ്പ നൽകിയതിന്റെ അപേക്ഷ, ബോണ്ട് എന്നിവ ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം VI). 'സി' ക്ലാസ് അംഗങ്ങൾക്ക് നൽകിയ വായ്പയിൽ കുടിശ്ശികയായാൽ ആയത് ആർബിട്രേഷൻ നടപടികളിലൂടെ തിരികെ ഈടാക്കാൻ സാധിക്കില്ല. സഹകരണ നിയമത്തിന് വിരുദ്ധമായി 'സി' ക്ലാസ് അംഗങ്ങൾക്ക് നൽകിയത് സംഘം ഭരണസമിതിയുടെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ്.

## ജി) സംഘത്തിൽ നിന്നും ബിനാമി വായ്പ നൽകിയിട്ടുണ്ടോ എന്നത് സംബന്ധിച്ച്

സംഘത്തിൽ നിന്നും ബിനാമി വായ്പകൾ നൽകിയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടത് പ്രതിപാദ്യ വിഷയമായിരുന്നു. ആയതിനാൽ സംഘത്തിൽ നിന്നും വായ്പയെടുത്തവരിൽ കുടിശ്ശികക്കാരായിരുന്ന വായ്പക്കാർക്ക് നോട്ടീസ് അയയ്ക്കുകയും, വായ്പക്കാർക്ക് എന്തെങ്കിലും ആക്ഷേപം ഉള്ളവർക്ക് അന്വേഷണ ഉദ്യോഗസ്ഥയെ നേരിൽകണ്ട് ആയത് ഉന്നയിക്കുന്നതിന് അവസരം നൽകുകയും ചെയ്തു. പ്രസ്തുത ഹിയറിംഗിന് ഹാജരായ എല്ലാ വായ്പക്കാരും ടിയാളുകൾ തന്നെയാണ് പ്രസ്തുത വായ്പകൾ എടുത്തതെന്ന് അന്വേഷണ ഉദ്യോഗസ്ഥയ്ക്ക് മുമ്പാകെ മൊഴി നൽകിയിട്ടുണ്ട്. (അനുബന്ധം VII). മേൽ സാഹചര്യത്തിൽ സംഘത്തിൽ നിന്നും ബിനാമി വായ്പകൾ നൽകിയിട്ടില്ലായെന്ന് അനുമാനിക്കാവുന്നതാണ്.

## അന്വേഷണ ഉദ്യോഗസ്ഥന്റെ ശുപാർശ

തിരുവനന്തപുരം ജില്ലാ ഫാം ടൂർ സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 1608 28-02-2006-ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. സഹകരണ നിയമം ചട്ടം 15 (11) (3) i പ്രകാരം ടൂറിസം ഡവലപ്മെന്റ് സഹകരണ സംഘമാണ് രജിസ്റ്റർ ചെയ്തതെങ്കിലും നിലവിൽ സംഘം വായ്പ, നിക്ഷേപ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. സഹകരണ നിയമം വകുപ്പ് പ്രകാരമുള്ള ഈ അന്വേഷണത്തിൽ 2015 16 മുതൽ 2019-20 വരെയുള്ള കാലയവിലെ ഇടപാടുകളാണ് പരിശോധനയ്ക്ക് വിധേയമാക്കിയത്. 31-03-2020-ലെ കണക്കുകൾ പ്രകാരം സംഘത്തിന്റെ ആസ്തി ബാധ്യതകൾ തമ്മിലുള്ള അന്തരം ഒരു കോടിയോളം രൂപയാണ്. ഇത്രയും ഭീമമായ തുക സംഘത്തിന്റെ ബാധ്യതയുണ്ടായത് സംഘം ഭരണസമിതിയുടെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ്. സഹകരണ സംഘങ്ങൾ സ്വീകരിക്കുന്ന നിക്ഷേപങ്ങൾക്ക് നൽകാവുന്ന പലിശനിരക്ക് കാലാകാലങ്ങളിൽ സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിക്കാറുണ്ട്. എന്നാൽ ടി സംഘം പ്രസ്തുത സർക്കുലർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് നിക്ഷേപകർക്ക് പലിശ നൽകിയിട്ടുള്ളത്. ഇപ്രകാരം പലിസ നൽകിയ വകയിൽ 2015-16 മുതൽ 2019-20 വരെയുള്ള കാലയളവിൽ സംഘത്തിന് 14,14,086 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ആയത് സംഘം സെക്രട്ടറിയിൽ നിന്നും 18 ശതമാനം പലിശ ഉൾപ്പെടെ ഈടാക്കേണ്ടതാണ്.

സംഘം പ്രസിഡന്റ് അഡ്വാൻസ് ഇനത്തിൽ തുകകൾ കൈപ്പറ്റിയിട്ടുണ്ട്. ടി ഇനത്തിൽ 31-03-2020-ൽ 3,33,250 രൂപ സംഘത്തിലേക്ക് തിരികെ ലഭിക്കുവാനുണ്ട്.

ടി തുകയും 18 ശതമാനം പലിശയും സംഘം പ്രസിഡന്റിൽ നിന്നും ഈടാക്കേണ്ട താണ്. സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ പ്രകാരം സംഘത്തിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കാൻ വ്യവസ്ഥയില്ല. എന്നാൽ ടി സംഘം താൽക്കാലിക ജീവനക്കാരെ നിയമിക്കുകയും അവർക്ക് ശമ്പളയിനത്തിൽ 21,25,854 രൂപ നൽകുകയും ചെയ്തു. കളക്ഷൻ ഏജന്റുമാരുടെ തസ്തിക അനുവാദം ഇല്ലാതെ താൽക്കാലിക കളക്ഷൻ ഏജന്റുമാരെ നിയമിക്കുകയും അവർക്ക് സംഘത്തിന്റെ സ്വന്തം ഫണ്ടിൽ നിന്നും 97,60,965 രൂപ കമ്മീഷനായി നൽകുകയും ചെയ്തു. 9,000 രൂപ മൊത്ത ശമ്പള വ്യവസ്ഥയിൽ നിയമിച്ച സെക്രട്ടറി ഭരണ വകുപ്പിൽ നിന്നും ശമ്പള സ്കെയിൽ നിശ്ചയിച്ച് ഉത്തരവ് വാങ്ങാതെ പലവക സംഘങ്ങളുടെ ക്ലാസ് I ന് അനുസൃതമായ ശമ്പളം കൈപ്പറ്റിയ വകയിൽ സംഘത്തിന് 12,69,933 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. താൽക്കാലിക ജീവനക്കാർക്കും, കളക്ഷൻ ഏജന്റു മാർക്കും, നൽകിയതും ഉൾപ്പെടെ 1,18,86,819 രൂപ അതാത് കാലത്തെ ഭരണ സമിതി യിൽ നിന്നും സംഘം സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാരുടെ മുൻ അനുമതിയില്ലാതെ സംഘം ഫർണിഷിംഗ് ചെയ്യുന്നതിനായി 6,00,300 രൂപയും, കമ്പ്യൂട്ടർവൽക്കരണത്തിനായി 4,20,216 രൂപയും, സഹകരണ സംഘം രജിസ്ട്രാറുടെ 6/2000 സർക്കുലർ നിർദ്ദേശ ത്തിന് വിരുദ്ധമായി കലണ്ടർ പ്രിന്റ് ചെയ്തവകയിൽ 2,39,000 രൂപയും സംഘത്തിന്റെ പൊതുഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറുടെ മുൻ അനുമതിയില്ലാതെ ചെലവഴിച്ച 12,59,516 രൂപ അതാത് കാലത്തെ ഭരണസമിതിയിൽ നിന്നും സംഘം സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. സഹ കരണ നിയമം, സംഘം നിയമാവലി എന്നിവ പ്രകാരം 'എ' ക്ലാസ് അംഗങ്ങൾക്ക് മാത്രമേ വായ്പ നൽകുന്നതിന് വ്യവസ്ഥയുള്ളൂ. എന്നാൽ ടി സംഘത്തിൽ ഏറെയും വായ്പകൾ നൽകിയിരിക്കുന്നത് 'സി' ക്ലാസ് അംഗങ്ങൾക്കാണ്. ഇപ്രകാരം 'സി' ക്ലാസ് അംഗങ്ങൾക്ക് നൽകിയിട്ടുള്ള വായ്പകളിൽ മേൽ 31-03-2020 ലെ ബാക്കി നിൽപ്പ് 2,54,01,448 രൂപയാണ്. 'സി' ക്ലാസ് അംഗങ്ങൾക്ക് നൽകിയിട്ടുള്ള വായ്പക ളിൽ കുടിശ്ശിക ഉണ്ടായാൽ ആയത് ആർബിട്രേഷൻ നടപടികളിലൂടെ തിരികെ ഈടാ ക്കാൻ സാധിക്കുകയില്ല. ബിനാമി വായ്പ നൽകിയിട്ടുണ്ടോയെന്ന് പരിശോധിക്കു ന്നതിനായി കുടിശ്ശികയായ വായ്പക്കാർക്ക് നോട്ടീസ് അയച്ച് ഹിയറിംഗ് നടത്തി. ഹിയറിംഗിൽ ഹാജരായ വായ്പക്കാരെല്ലാം തന്നെ തങ്ങളാണ് വായ്പയെടുത്തതെന്ന് അന്വേഷണ ഉദ്യോഗസ്ഥ മുമ്പാകെ മൊഴി നൽകിയിട്ടുണ്ട്. സംഘം നടത്തിവരുന്ന പ്രതിമാസ നിക്ഷേപ പദ്ധതികളിലെ കുടിശ്ശിക 4,11,94,000 രൂപയാണ്. ഇത്രയും ഭീമ മായ കുടിശ്ശിക സംശയാസ്പദമാണ്. സമയബന്ധിതമായി റിപ്പോർട്ട് സമർപ്പിക്കേണ്ട

തിനാലും, പ്രതിമാസ നിക്ഷേപ പദ്ധതികളുടെ എണ്ണത്തിലെ ബാഹുല്യം കാരണവും കുടിശ്ശികക്കാർക്ക് നോട്ടീസ് അയയ്ക്കുന്നതിന് സാധിച്ചില്ല. സംഘം സ്വീകരിച്ചിട്ടുള്ള നിക്ഷേപങ്ങളുടെ ഏകദേശം പകുതിയോളം രൂപ പ്രതിമാസ നിക്ഷേപ പദ്ധതി നിന്മേൽ കുടിശ്ശികയാണ്. കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ ഭരണസമിതി കൈക്കൊണ്ടിട്ടില്ല. മേൽ സാഹചര്യത്തിൽ ടി സംഘത്തിൽ സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം നടത്തുന്നത് ഉചിതമായിരിക്കും. ഈ വിവരങ്ങൾ റിപ്പോർട്ട് ചെയ്തുകൊണ്ട് സഹകരണ നിയമം വകുപ്പ് 66 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട് മേൽ നടപടികൾക്കായി സമർപ്പിക്കുന്നു.

**മഹിഷ മാഹീൻ എസ്.**
അന്വേഷണ ഉദ്യോഗസ്ഥ/
വഞ്ചിയൂർ യൂണിറ്റ് ഇൻസ്പെക്ടർ
അസി. രജിസ്ട്രാർ (ജനറൽ) ആഫീസ്
തിരുവനന്തപുരം

തിരുവനന്തപുരം
24-08-2021